# 'ഒ ലാബ്സ് ഹാക്കത്തോൺ' ഗ്രാന്റ് ഫിനാലെ സമാപിച്ചു




**അമൃത കോർപറേറ്റ് ആന്റ് ഇൻഡസ്ട്രി റിലേഷൻസ് വിഭാഗം ചെയർപേഴ്സൺ ബ്രഹ്മചാരി വിശ്വനാഥാമൃത ചൈതന്യ 'ഒ ലാബ്സ് ഹാക്കത്തോൺ' ഗ്രാന്റ് ഫിനാലെയുടെ ഉദ്ഘാടനം നിർവഹിക്കുന്നു**

കൊല്ലം: അമൃതപുരി ക്യാമ്പസിലെ സ്കൂൾ ഓഫ് കമ്പ്യൂട്ടിങ്ങിന്റെയും അമൃത ക്രിയേറ്റിന്റെയും ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച 'ഒ ലാബ്സ് ഹാക്കത്തോൺ' നാഷണൽ ലെവൽ ഗ്രാന്റ് ഫിനാലെ അമൃത കോർപറേറ്റ് ആന്റ് ഇൻഡസ്ട്രി റിലേഷൻസ് വിഭാഗം ചെയർപേഴ്സൺ ബ്രഹ്മചാരി വിശ്വനാഥാമൃത ചൈതന്യ ഉദ്ഘാടനം ചെയ്തു.

സ്കൂൾ ഓഫ് കമ്പ്യൂട്ടിങ് അസോസിയേറ്റ് ഡീൻ ഡോ. പ്രേമ നെട്ടങ്ങാടി, സിഎസ്ഇ വിഭാഗം ചെയർപേഴ്സൺ ഡോ. ജെ സ്വാമിനാഥൻ, സിഎസ്ഇ - ആർട്ടിഫിഷ്യൽ ഇന്റലിജന്റ്സ് വിഭാഗം ചെയർപേഴ്സൺ ഡോ. എം ഗീത, അസിസ്റ്റന്റ് പ്രൊഫസർമാരായ പി കെ ബിനു, ഡോ. ദിവ്യ ഉദയൻ എന്നിവർ പങ്കെടുത്തു.

രണ്ടു ദിവസങ്ങളിലായി സംഘടിപ്പിച്ച ഗ്രാന്റ് ഫിനാലെയിൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ഇരുന്നൂറിലധികം ടീമുകൾ പങ്കെടുത്തു. അമരാവതി അമൃത സ്കൂൾ ഓഫ് എൻജിനീയറിങ് ഒന്നാം സ്ഥാനം കരസ്ഥമാക്കി. കോയമ്പത്തൂർ കാമ്പസിന് രണ്ടാം സ്ഥാനവും അമൃതപുരി കാമ്പസിന് മൂന്നാംസ്ഥാനവും ലഭിച്ചു. കേന്ദ്ര വിദ്യാഭ്യാസ വകുപ്പ് മന്ത്രാലയം, കേന്ദ്ര ഇലക്ട്രോണിക്സ് ആന്റ് ഐടി വകുപ്പ് മന്ത്രാലയം എന്നിവയുടെ സഹകരണത്തോടുകൂടി ടെക്നോളജി, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്നിവ അടിസ്ഥാനമാക്കി സംഘടിപ്പിച്ച ഹാക്കത്തോണിൽ നാലുലക്ഷത്തോളം രൂപ വിജയികൾക്ക് ലഭിക്കും.

**കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്**

കൊല്ലം ഡിവിഷൻ ഓഫീസ്- കൊല്ലം ആശ്രാമം SIB ഓഫീസിലെ ഓഫീസ് ഹാളിൽ 2 AC സ്ഥാപിക്കൽ